കേരള സർക്കാർ

**സംഗ്രഹം**

ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിന്റെ നടത്തിപ്പ്-എംപവേർഡ് കമ്മിറ്റിയും സെക്രട്ടേറിയറ്റും രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പ്രവാസി കേരളീയകാര്യ(എ) വകുപ്പ്**

സ.ഉ.(സാധാ.) നം. 648/ 2017/നോർക്ക തീയതി, തിരുവനന്തപുരം 06.11.2017

---

പരാമർശം: (1) സ.ഉ.(സാധാ) നം. 635/2017/നോർക്ക തീയതി 01.11.2017

(2) നോർക്ക - റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 03.10.2017 തീയതിയിലെ 3042/ജി/2017/റൂട്സ് നമ്പർ ശുപാർശ.

## ഉത്തരവ്

1. ലോകമെങ്ങും വ്യാപിച്ചിട്ടുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി സർക്കാർ രൂപീകരിച്ച അഭിമാന പദ്ധതിയായ ലോക കേരള സഭയുടെ പ്രഥമ സമ്മേളനം ജനുവരി 12, 13 തീയതികളിൽ നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതും ലോക കേരള സഭയുടെ രൂപീകരണവും സഭയുടെ ആദ്യ സമ്മേളനവും സംബന്ധിച്ച മാർഗ്ഗരേഖ അംഗീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

2. ലോക കേരള സഭയുടെ ഉദ്ദേശ്യ ലക്ഷ്യം പോലെ ഈ പദ്ധതിയുടെ നടത്തിപ്പ് രീതികളും അനുബന്ധ പ്രവർത്തനങ്ങളും വളരെ ബൃഹത്തും സങ്കീർണ്ണവുമായതിനാൽ നടത്തിപ്പ് തീരുമാനങ്ങൾ എടുക്കേണ്ടതിലേക്കായി ഒരു ഗവേണിംഗ് ബോഡി രൂപീകരിക്കേണ്ടതുണ്ട് എന്ന് പരാമർശം (2) പ്രകാരം നോർക്ക - റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശുപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഈ ശുപാർശ വിശദമായി പരിശോധിക്കുകയും ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി താഴെ പറയുന്ന പ്രകാരമുള്ള എംപവേർഡ് കമ്മിറ്റിയും സെക്രട്ടേറിയറ്റും രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

### എംപവേർഡ് കമ്മിറ്റി

പ്രിൻസിപ്പൽ സെക്രട്ടറി, നോർക്ക വകുപ്പ്
ചെയർമാൻ, കേരള പ്രവാസികേരളീയ ക്ഷേമ ബോർഡ്
എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ, നോർക്ക റൂട്സ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്സ്
ധനകാര്യ വകുപ്പ് അഡിഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി.
സാംസ്കാരിക വകുപ്പ് അഡിഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി.

### സെക്രട്ടേറിയറ്റ്

പ്രിൻസിപ്പൽ സെക്രട്ടറി, നോർക്ക വകുപ്പ്
ചെയർമാൻ, കേരള പ്രവാസികേരളീയ ക്ഷേമ ബോർഡ്
എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ, നോർക്ക റൂട്സ്
ബോർഡ് അംഗങ്ങൾ, നോർക്ക റൂട്സ്
ബോർഡ് അംഗങ്ങൾ, കേരള പ്രവാസികേരളീയ ക്ഷേമ ബോർഡ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്സ്
ശ്രീ. കെ. എൻ. ഹരിലാൽ, മെമ്പർ, കേരളാ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
ധനകാര്യ വകുപ്പ് അഡിഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി.
സാംസ്കാരിക വകുപ്പ് അഡിഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ആഞ്ജലോസ്. ജി**

**അഡിഷണൽ സെക്രട്ടറി**

പ്രിൻസിപ്പൽ സെക്രട്ടറി, നോർക്ക വകുപ്പ്
ചെയർമാൻ, കേരള പ്രവാസികേരളീയ ക്ഷേമ ബോർഡ്
എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ, നോർക്ക റൂട്സ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്സ്
ബോർഡ് അംഗങ്ങൾ, കേരള പ്രവാസികേരളീയ ക്ഷേമ ബോർഡ്
ബോർഡ് അംഗങ്ങൾ, കേരള പ്രവാസികേരളീയ ക്ഷേമ ബോർഡ്
കേരളാ സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
സാംസ്കാരിക വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ